**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ദീപു ദിവാകരനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2655/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 16.10.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.11.2016-ലെ ഇ 13-14962/16 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 19.01.2017-ലെ 13711/ഡി3/2016 വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 25.02.2017-ലെ ഇപിബി2/28/2017/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ദീപു ദിവാകരൻ സമർപ്പിച്ച പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 25.01.2018-ലെ ഡി2-9368/2017 നമ്പർ കത്ത്

**ഉത്തരവ്**

ഐക്കരനാട് നോർത്ത് വില്ലേജ് കടയിരുപ്പിൽ സ്ഥിതി ചെയ്യുന്ന ലിപ്പിഡ്സ് എന്ന സ്വകാര്യ കമ്പനിക്ക് എറണാകുളം മൂവാറ്റുപുഴ പൂതൃക്ക ഗ്രാമപഞ്ചായത്ത് പരിധിയിൽ കേബിൾ കൊണ്ടു പോകുന്നതിന് പൂതൃക്ക ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ . പോൾ വെട്ടിക്കാടൻ 4 ലക്ഷം രൂപ കൈക്കൂലി വാങ്ങി അഴിമതി നടത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ 22.02.2016-ന് പൂതൃക്ക പഞ്ചായത്തിലെ നാലാം വാർഡിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി വാർഡ് മെമ്പർ പോൾ വെട്ടിക്കാടൻ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നല്കിയിട്ടുള്ളതും ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി 3.96 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുള്ളതും ടി എസ്റ്റിമേറ്റിൽ പറയുന്ന കൃത്യ തുക തന്നെയാണ് 20.02.2016-ന് പ്ലാന്റ് ലിപ്പിഡ്സ് കമ്പനിയിൽനിന്നും പോൾ വെട്ടിക്കാടന്റെ പേരിൽ നല്കിയിട്ടുള്ളതെന്നും ടി കമ്പനിയിൽനിന്നും 4 ലക്ഷം രൂപ കൈക്കൂലി വാങ്ങി പ്രശ്നമായപ്പോൾ അഴിമതി മറച്ചുവയ്ക്കുന്നതിനുവേണ്ടി കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയുടെ അറിവോടെ പ്രവർത്തിച്ചു എന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നും എന്നാൽ പഞ്ചായത്ത് അറിഞ്ഞുകൊണ്ടു തന്നെയാണ് ലിപിഡ്സ് കമ്പനിയിൽനിന്നും കുടിവെള്ള പദ്ധതിക്കായി പോൾ വെട്ടിക്കാടൻ എസ്റ്റിമേറ്റ് പ്രകാരമുള്ള 3.96 ലക്ഷം രൂപയുടെ ചെക്ക് വാങ്ങിയിട്ടുള്ളതെങ്കിൽ തന്നെയും ടി തുക പഞ്ചായത്ത് ഫണ്ടിൽ വകയിരുത്താതെ മറ്റു രണ്ടുപേരുടെ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഇവർ ഗുണഭോക്തൃ സമിതിയാണെന്ന് പറയുന്നുണ്ടെങ്കിലും ഗുണഭോക്തൃ .സമിതി കൂടിയതായോ ടിയാന്മാരെ അംഗങ്ങളായി തെരഞ്ഞെടുത്തതായോ അന്വേഷണ സമയത്ത് കണ്ടെത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ പൊതു വികസന പ്രവർത്തനത്തിന് സ്വകാര്യ സ്ഥാപനത്തിൽനിന്നും ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്താതെ സ്വകാര്യ വ്യക്തികളുടെ പേരിൽ ഉൾപ്പെടുത്തിയതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഗുരുതരവീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നുവെന്നും അതിനാൽ പൂതൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ദീപു ദിവാകരനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീ ദീപു ദിവാകരന് പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ദീപു ദിവാകരൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റ് ലിപ്പിഡ്സ് കമ്പനിയിൽ നിന്നും ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി ധനസഹായം ആവശ്യപ്പെടുകയോ പണം അനുവദിക്കാനുള്ള സന്നദ്ധത കമ്പനി പഞ്ചായത്തിനെ അറിയിക്കുകയോ ചെയ്തിട്ടുള്ളതായി പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ലെന്നും മാത്രവുമല്ല ടി കമ്പനി ഗ്രാമപഞ്ചായത്തിന്റെ പേരിലോ സെക്രട്ടറിയുടെ

പേരിലോ പണമൊന്നും അനുവദിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ പുതുപ്പനം വാർഡിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് പിൻഭാഗത്ത് 25-ഓളം കുടുംബങ്ങളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 2" ലൈൻ മാറ്റി 3" ലൈൻ സ്ഥാപിക്കുന്നതിനുള്ള നാട്ടുകാരുടെ ആവശ്യം പരിഗണിച്ച് പ്ളാന്റ് ലിപ്പിഡ്സ് കമ്പനി ആവശ്യമായ തുക മുടക്കാൻ തയ്യാറാണെന്നും അടിയന്തര ആവശ്യം പരിഗണിച്ച് എസ്റ്റിമേറ്റ് എടുക്കുന്നതിന് കത്ത് നൽകാനും പഞ്ചായത്ത് അനുമതിക്ക് ആവശ്യമായ മടപടി കൈക്കൊള്ളാനും ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ 20.02.2016 ൽ സെക്രട്ടറിക്ക് കത്ത് നൽകുകയും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ കത്തിന്റെ പകർപ്പ് സഹിതം KWA അസിസ്റ്റന്റ് എഞ്ചിനിയർക്ക് 22.02.2016-ലെ എ 2-1094/16 നമ്പർ കത്ത് നൽകിയിട്ടുള്ളതും അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും 3,96,000/- രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് അബ്സ്ട്രാക്റ്റ് (ഫോട്ടോ കോപ്പി )23.02.2016-ൽ സെക്രട്ടറിക്ക് ലഭിച്ചിട്ടുള്ളതും സെക്രട്ടറിയുടെ 22.02.2016-ലെ കത്തിന് മറുപടിയായി KWA എക്സിക്യൂട്ടീവ് എഞ്ചിനിയർ 20.04.2016 ലെ എ 1-716/16 നമ്പർ കത്ത് മുഖേന 2,85,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ് നൽകുകയും തുക ഡെപ്പോസിറ്റ് ചെയ്യാൻ നിർദ്ദേശിക്കുകയുമുണ്ടായിയെന്നും ഈ കത്ത് 28.05.2016-ലെ പഞ്ചായത്ത് കമ്മിറ്റി 13-ാം അജണ്ടയായി ചർച്ച ചെയ്ത് KWA അസിസ്റ്റന്റ് എഞ്ചിനിയർ തയ്യാറാക്കിയ 3,96,000/- രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ച് പ്ളാന്റ് ലിപ്പിഡ് കമ്പനി ചെക്ക് തന്റെ പേരിൽ നല്കിയെന്നും പ്രദേശവാസികളെ വിളിച്ച് കൂട്ടി സമിതി രൂപീകരിച്ച് ടി സമിതിയുടെ ഭാരവാഹികളുടെ പേരിലേക്ക് ആയത് മാറ്റി നൽകിയിട്ടുണ്ടെന്നും ടി തുകയിൽ നിന്നും ആവശ്യമായ തുക KWA യിൽ അടവാക്കുന്നതിന് ഗുണഭോക്തൃസമിതിയെ അനുവദിക്കണമെന്നും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ . പോൾ വെട്ടിക്കാടൻ കമ്മിറ്റിയെ അറിയിക്കുകയും എസ്റ്റിമേറ്റിൽ പറയും പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന് വേണ്ടി KWA അടവാക്കാൻ ഗുണഭോക്തൃ സമിതിയെ അനുവദിക്കുവാനും ബാക്കി തുക കമ്പനിയുടെ അനുമതി തേടി ഏതെങ്കിലും പൊതുവികസന പ്രവർത്തിക്കായി ഉപയോഗിക്കുവാനും അല്ലാത്ത പക്ഷം മടക്കി നൽകാനും ഗുണഭോക്തൃസമിതിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചിട്ടുള്ളതാണെന്നും, തുടർന്ന് പ്ളാന്റ് ലിപ്പിഡ് എന്ന കമ്പനിയിൽ നിന്നും പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പോൾ വെട്ടിക്കാടൻ അനധികൃതമായി കുറച്ച് പണം കൈപ്പറ്റുകയും ഇതേക്കുറിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ ടിയാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനിയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയും കമ്പനിയിൽ നിന്ന് ലഭിച്ച പണത്തിന്റെ കുറച്ച് ഭാഗം ഒരു ഗുണഭോക്തൃസമിതി രൂപീകരിച്ച് അതിന്റെ ഭാരവാഹികളുടെ പേരിൽ നിക്ഷേപിച്ചുവെന്ന് പ്രചരിപ്പിച്ചുവെന്നും 28.05.2016 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഗുണഭോക്തൃസമിതിയുടെ പേരിൽ പണമുണ്ടെന്ന് ടി ചെയർമാൻ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടെന്നും അടുത്ത കമ്മിറ്റിയിൽ പ്രത്യേക അജണ്ടയായി 28.05.2016 ലെ കമ്മിറ്റി തീരുമാനം പുന: പരിശോധിക്കണമെന്നും സൂചിപ്പിച്ച് പഞ്ചായത്ത് ഭരണസമിതിയിലെ 6 അംഗങ്ങൾ ഒപ്പിട്ട് ഒരു പരാതി 05.07.2016 ൽ സെക്രട്ടറിക്ക് നൽകിയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്ളാന്റ് ലിപ്പിഡ് കമ്പനി അനുവദിച്ച 3,96,000/- രൂപയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 2,85,000/- രൂപ കഴിച്ചുള്ള തുക പ്രയോജനപ്പെടുത്തി വീതി കുറഞ്ഞ റോഡ് കോൺക്രീറ്റ് ഇട്ടു തരുന്നതിന് നടപടി സ്വീകരിക്കണമെന്ന കാണിച്ച് ഗുണഭോക്തൃസമിതിക്ക് വേണ്ടി ശ്രീ. റ്റി. വി. ജോയ്, ശ്രീ. മോൻസി എബ്രഹാം എന്നിവർ പഞ്ചായത്ത് സെക്രട്ടറിക്ക് 20.07.2016-ൽ കത്ത് നൽകുകയും ബാക്കി തുകയായ 1,11,000/- രൂപ കമ്പനിക്ക് മടക്കി നൽകേണ്ടതില്ലെന്നും റോഡിന്റെ കേടുപാടുകൾ പരിഹരിക്കാനും കോൺക്രീറ്റിംഗിനും രൂപ ഉപയോഗിക്കാമെന്നും കാണിച്ച് കമ്പനി 19.07.2016 ൽ ചെയർമാന് കത്ത് നൽകിയിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12.08.2016-ലെ കമ്മിറ്റി 17-ാം നമ്പർ അജണ്ട ചർച്ച ചെയ്യവേ ടി കമ്പനി 3,96,000/- നൽകിയിരുന്നുവെന്നും ആയതിൽ നിന്നും 2,85,000/- ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയെന്നും ബാക്കി തുക പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ മോശമാകുന്ന റോഡ് കോൺക്രീറ്റ് ചെയ്യാൻ അനുവാദം നൽകണമെന്നും 4- ാം വാർഡ് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ. പോൾ വെട്ടിക്കാടൻ കമ്മിറ്റിയെ അറിയിച്ചു. ബാക്കിയുള്ള തുക കമ്പനിക്ക് തിരിച്ചു നൽകാൻ നിർദ്ദേശിക്കണമെന്നും കമ്പനി പഞ്ചായത്തിനോട് നേരിട്ട് ആവശ്യപ്പെടുകയാണെങ്കിൽ മാത്രമേ ഈ വിഷയം പരിഗണിക്കാവൂ എന്നും സെക്രട്ടറി യോഗത്തിൽ അഭിപ്രായപ്പെട്ടു. ആയത് പരിഗണിച്ച് അപേക്ഷയിൽ പറയും പ്രകാരമുള്ള തുക വിനിയോഗിച്ച് പഞ്ചായത്തിന്റെ ആസ്തിയിൽ വികസന പ്രവർത്തനം നടത്തുവാൻ അനുമതി നൽകേണ്ടതില്ലെന്നും തുക അനുവദിക്കാൻ തയ്യാറാണെന്ന് കമ്പനി നേരിട്ട് അറിയിച്ചാൽ അപ്പോൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുന്നതിനും തീരുമാനിച്ചു. 05.07.2016-ൽ 6 പഞ്ചായത്ത് അംഗങ്ങൾ നൽകിയ പരാതിയും 12.08.16-ലെ പഞ്ചായത്ത് കമ്മിറ്റി 19- ാം നമ്പർ അജണ്ടയായി ചർച്ച ചെയ്തു. 28.05.2016 ലെ 13- ാം നമ്പർ തീരുമാനം 12.08.16-ലെ 17- ാം നമ്പർ തീരുമാനപ്രകാരം ഭേദഗതി ചെയ്യുന്നതിനും പൊതു

വികസനപ്രവർത്തനങ്ങൾക്കായി സ്വകാര്യവ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മെമ്പർമാർ നേരിട്ട് തുക കൈപ്പറ്റരുതെന്നും കമ്മിറ്റി തീരുമാനിച്ചു. എന്നാൽ പ്ലാന്റ് ലിപ്പിഡ് കമ്പനി അനുവദിച്ച തുകയിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ചെലവായതിൽ ബാക്കി വന്ന തുകയായ 1,11,000/- രൂപ പലിശസഹിതം തിരികെ കമ്പനിക്ക് നൽകി കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ 20.02.2016-ലെ കത്തിൽ കമ്പനി തുക നൽകിയ കാര്യം വ്യക്തമാക്കിയിരുന്നില്ല. 28.05.2016-ലെ 13- ാം അജണ്ടയായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയരുടെ കത്ത് ചർച്ച ചെയ്യുമ്പോഴാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പോൾ വെട്ടിക്കാടൻ പ്ലാന്റ് ലിപ്പിഡ് കമ്പനിയിൽ നിന്നും 3,96,000/- രൂപ ലഭിച്ചതായി കമ്മിറ്റിയെ അറിയിച്ചിട്ടുള്ളത്. തന്റെ പേരിൽലഭിച്ച ഈ തുക ഗുണഭോക്തൃസമിതി രൂപീകരിച്ച് ഭാരവാഹികളുടെ പേരിലേക്ക് മാറ്റിയിട്ടുണ്ടെന്ന് ടിയാൻ യോഗത്തെ അറിയിച്ചിരുന്നു. ഇതിൽ നിന്നും ടി 3,96,000/- രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലോ പഞ്ചായത്തിന്റെ പേരിലോ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാണെന്നും, ഗുണഭോക്തൃസമിതി രൂപീകരിച്ച വിവരവും ഈ കമ്മിറ്റി യോഗത്തിലാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അറിയിച്ചിട്ടുള്ളത് എന്നും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ പരാമർശിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ അറിവോടെയോ കമ്മിറ്റി തീരുമാനപ്രകാരമോ അല്ല ഗുണഭോക്തൃസമിതി രൂപീകരിച്ചിട്ടുള്ളതെന്നും പ്ലാന്റ് ലിപ്പിഡ്സ് കമ്പനിയിൽ നിന്ന് പണം ലഭിച്ചത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തപ്പോഴെല്ലാം പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ വ്യക്തമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള വിവരവും പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുമ്പാകെ ശ്രീ. ജോർജ്ജ് കുട്ടി പുളുപ്പനത്ത് വീട്, വടയമ്പാടി നൽകിയ പരാതിയിൻമേൽ 24.11.16 ൽ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സമർപ്പിച്ച റിപ്പോർട്ടിൽ പരാതിയിലെ ആരോപണങ്ങൾ സത്യമല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായക്കുറിപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ശ്രീ. ദീപു ദിവാകരന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലെന്നു കാണുന്നു. ഈ സാഹചര്യത്തിൽ പൂതൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ദീപു ദിവാകരനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. ദീപു ദിവാകരൻ, മുൻ സെക്രട്ടറി, പൂതൃക്ക ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/383/2018/വിജി. തീയതി 04.06.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/28/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ